ജനന സർട്ടിഫിക്കറ്റിലെ തെറ്റായ വിവരങ്ങൾ തിരുത്തുന്നതിനുള്ള നടപടിക്രമം

328 (1771) ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്ന് നൽകുന്ന ജനന സർട്ടിഫിക്കറ്റിലെ വിവരങ്ങൾ തിരുത്തുന്നതിനുള്ള നടപടിക്രമങ്ങളിലെ സങ്കീർണ്ണതമൂലം ജനങ്ങൾ പ്രയാസപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിലവിൽ പ്രധാന സർട്ടിഫിക്കറ്റുകൾ ലഭിക്കുന്നതിനും മറ്റാവശ്യങ്ങൾക്കും ജനന സർട്ടിഫിക്കറ്റ് നിർബന്ധമായതിനാൽ അതിലെ വിലാസം, പേരിലെ മാറ്റം എന്നിവ തിരുത്തുന്നതിന് കൂടുതൽ ലളിതമായ നടപടിക്രമം ഏർപ്പെടുത്താമോ;

(സി) നിലവിൽ ഇതിന് സംസ്ഥാനത്തെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും വ്യക്തമായ മാർഗ്ഗനിർദ്ദേശം നൽകിയിട്ടുണ്ടോ;

(ഡി) പേര്, ഇനിഷ്യൽ, വിലാസം എന്നിവയിലെ തെറ്റ് തിരുത്താൻ ഹാജരാക്കേണ്ട രേഖകൾ ഏതൊക്കെയെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഇല്ല. ചീഫ് രജിസ്ട്രാറുടെ 8-12-2010-ലെ ബി1-20741/2009 നമ്പർ സർക്കുലറിലെ (7) തിരുത്തലുകൾ എന്ന ഖണ്ഡികയിൽ പ്രതിപാദിച്ചിട്ടുള്ള നടപടികൾ സുതാര്യവും വ്യക്തവുമാണ്. ആയത് എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും പ്രാവർത്തികമാക്കിയിട്ടുള്ള സാഹചര്യത്തിൽ ജനങ്ങൾ പ്രയാസപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ജനന സർട്ടിഫിക്കറ്റിലെ വിലാസം, പേരിലെ മാറ്റം എന്നിവ തിരുത്തുന്നതിന് നിലവിൽ ലളിതമായ നടപടിക്രമങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്.

(സി) എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും വ്യക്തമായ മാർഗ്ഗനിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) പേര്, ഇനിഷ്യൽ, വിലാസം എന്നിവയിലെ തെറ്റ് തിരുത്തലിനായി താഴെപ്പറയുന്ന രേഖകൾ ഹാജരാക്കേണ്ടതുണ്ട്.

1. 5 രൂപാ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച അപേക്ഷ.
2. ജനനം റിപ്പോർട്ട് ചെയ്തപ്പോൾ വിവരം നൽകിയ അധികാരിയുടെ തിരുത്തൽ കത്ത്. (സ്ഥാപനം നിലവിലില്ലാതായിട്ടുണ്ടെങ്കിലോ വീട്ടിൽ വച്ചു നടന്ന ജനന മരണങ്ങളുടെ കാര്യത്തിൽ റിപ്പോർട്ട് ചെയ്ത ആൾ ജീവിച്ചിരിപ്പില്ലെങ്കിലോ പ്രസ്തുത വിവരത്തിന് കക്ഷിയുടെ സത്യവാങ്മൂലം മതിയാകുന്നതാണ്.)

LIBRARY ARCHIVES Kerala Legislative Assembly

3. വില്ലേജ് ഓഫീസറുടെ സാക്ഷ്യപത്രം (പേര്, വിലാസം എന്നിവയിൽ തിരുത്തൽ വരുത്തേണ്ടപ്പോൾ മാത്രം)

4. സ്കൂൾ രേഖ, ലൈസൻസ്, പാസ്പോർട്ട്, തിരിച്ചറിയൽ കാർഡ്, റേഷൻ കാർഡ് എന്നിവയിൽ ഏതെങ്കിലും ഒന്നിന്റെ പകർപ്പ്.

5. വിശ്വസനീയമായ വ്യക്തിയുടെ ഡിക്ലറേഷൻ (വസ്തുതാപരമായ തിരുത്തലുകൾ)

6. കുട്ടിയുടെ പേര് ഇനിഷ്യൽ തുടങ്ങിയവ സ്കൂളിൽ ചേർക്കുന്നതിന് മുമ്പായി തിരുത്തുന്നതിന് മാതാപിതാക്കളുടെ സംയുക്ത അപേക്ഷ, തിരിച്ചറിയിൽ രേഖ, മുൻപ് വാങ്ങിയ അസൽ ജനന സർട്ടിഫിക്കറ്റ് എന്നിവയും സ്കൂളിൽ ചേർക്കുന്നതിന് മുൻപ് ജനന രജിസ്റ്ററിൽ ചേർത്തിട്ടുള്ള പേര് സ്കൂൾ രേഖയുമായി വ്യത്യാസമുണ്ടെങ്കിൽ കുട്ടിയുടെ സ്കൂൾ രേഖ മാതാപിതാക്കളുടെ സംയുക്ത അപേക്ഷ, 100 രൂപ മുദ്രപ്പത്രത്തിൽ മാതാപിതാക്കളുടെ സത്യവാങ്മൂലം, മുൻപ് വാങ്ങിയ അസൽ ജനന സർട്ടിഫിക്കറ്റ് എന്നിവ സഹിതം 50 രൂപ കോംപൗണ്ടിംഗ് ഫീസ് ഒടുക്കി തിരുത്താവുന്നതുമാണ്.

പുതിയ കെട്ടിടങ്ങളുടെ നിർമ്മാണത്തിലെ അശാസ്ത്രീയത കാരണം പഞ്ചായത്ത് ലൈസൻസ് നൽകാത്ത സ്ഥിതി

329 (1772) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ കെട്ടിടങ്ങളുടെ നിർമ്മാണത്തിലെ ആശാസ്ത്രീയത കാരണം പഞ്ചായത്ത് ലൈസൻസ് നൽകാത്ത സ്ഥിതിയുണ്ടെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പരിഹാരം കാണുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിരിക്കുന്നത്;

(സി) ഇല്ലെങ്കിൽ പരിഹാരം കാണുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ-സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. 2011 കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ കെട്ടിട നിർമ്മാണത്തിനുള്ള അനുമതി നൽകുന്ന കാര്യത്തിൽ ഗ്രാമപഞ്ചായത്തുകളെ 2 കാറ്റഗറികളായി തിരിച്ചിട്ടുണ്ട്. മുൻപ് കെ.എം.ബി.ആർ. ബാധകമാക്കിയിരുന്ന ഗ്രാമപഞ്ചായത്തുകളാണ് ഒന്നാമത്തെ കാറ്റഗറിയിൽ വരുന്നത്. മറ്റു

LIBRARY ARCHIVES Kerala Legislative Assembly